# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No.21/PR/PIC/PHQ/18                                        Date : 03.02.2018

## കേരള പോലീസിൽ നിന്ന് നാല് മൊബൈൽ ആപ്ലിക്കേഷനുകൾ കൂടി

ട്രാഫിക് കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും പോലീസ് ഫോൺ നമ്പരുകൾ മനസ്സിലാക്കുന്നതിനുമുൾപ്പെടെ വിവിധ സേവനങ്ങൾക്കുള്ള നാല് മൊബൈൽ ആപ്ലിക്കേഷനുകൾ കൂടി കേരള പോലീസ് ഔപചാരികമായി പുറത്തിറക്കി. പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഉദ്ഘാടനം നിർവഹിച്ചു. '*ട്രാഫിക് ഒഫൻസ് റിപ്പോർട്ടിങ് ആന്റ് ഫൈൻ റെമിറ്റൻസ്*', '*ഡയൽ എ കോപ്പ്*', '*രക്ഷ*', '*നോ യുവർ ജൂറിസ്ഡിക്ഷൻ*' (Know Your Jurisdiction) തുടങ്ങിവയാണ് പുതിയ ആപ്ലിക്കേഷനുകൾ.

പരീക്ഷണാടിസ്ഥാനത്തിൽ നേരത്തെതന്നെ നിലവിൽ വന്ന മൊബൈൽ ആപ്ലിക്കേഷനാണ് '*രക്ഷ*'. പോലീസ് വിവരങ്ങൾക്കും അടിയന്തര സഹായത്തിനുമായുള്ള ഈ മൊബൈൽ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. ആൻഡ്രോയിഡ്/ഐ.ഒ.എസ്. പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കും. നടപടിക്രമങ്ങൾ സംബന്ധിച്ച സംശയനിവാരണവും (FAQ) ഈ മൊബൈൽ ആപ്പിലുണ്ട്. എമർജൻസി ഹെൽപ്ലൈൻ നമ്പരുകൾ, സ്ത്രീ സുരക്ഷാ നിർദ്ദേശങ്ങൾ, പോലീസ് വാർത്തകളും അറിയിപ്പുകളും, ഗതാഗതസുരക്ഷാ നിർദേശങ്ങൾ, ജനങ്ങൾക്കുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ തുടങ്ങിയവയും ഇതിൽ ലഭിക്കും. പോലീസ് ഇൻഫർമേഷൻ സെന്ററിന്റെ മേൽനോട്ടത്തിൽ കേരള സ്റ്റാർട്ട് അപ് മിഷനിൽ രജിസ്റ്റർ ചെയ്ത് *തോട്ട്റിപ്പിൾസ്* എന്ന സ്റ്റാർട്ടപ്പ് ഗ്രൂപ്പാണ് രൂപകല്പന നിർവഹിച്ചത്. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് നേരിട്ടോ https://play.google.com/store/apps/details?id=org.keralapolice.raksha എന്ന ലിങ്കിൽ നിന്നോ '*രക്ഷ*' ഡൗൺലോഡ് ചെയ്യാം.

പോലീസ് ഇൻഫർമേഷൻ ആന്റ് കമ്യൂണിക്കേഷൻ ടെക്നോളജി വിഭാഗവും വിവിധ സ്റ്റാർട്ടപ്പുകളുമാണ് മറ്റ് മൂന്ന് ആപ്ലിക്കേഷനുകൾ തയ്യാറാക്കിയത്. സ്റ്റേഷൻ എസ് എച്ച് ഒ മാർ മുതൽ സംസ്ഥാന പോലീസ് മേധാവി വരെയുള്ളവരുടെ ഫോൺ നമ്പരുകൾ, വിവിധ യൂണിറ്റുകളിലെ ഫോൺ നമ്പരുകൾ ഉൾപ്പെടെയുള്ള പോലീസ് ടെലിഫോൺ ഡയറക്ടറിയാണ് '*ഡയൽ എ കോപ്*'. തൊട്ടടുത്ത പോലീസ് സ്റ്റേഷനുകളും ഓരോ പ്രദേശത്തിന്റേയും അധികാരപരിധിയിലുള്ള പോലീസ് സ്റ്റേഷനും കണ്ടെത്തുന്നതിനും

സഹായിക്കുന്നതാണ് നോ യുവർ ജൂറിസ്ഡിക്ഷൻ (Know Your Jurisdiction). ഉപോയോക്താവിന്റെ എറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷൻ, സ്റ്റേഷനിലേക്കുള്ള ദൂരം, റൂട്ട് മാപ്പ് തുടങ്ങിയയും അറിയാം.

ട്രാഫിക് കുറ്റകൃത്യങ്ങൾ പോലീസിനെ അറിയിക്കുന്നതിനും ട്രാഫിക് ഫൈനുകൾ അടയ്ക്കുന്നതിനുമുള്ള ആപ്ലിക്കേഷനാണ് '*ഒഫൻസ് റിപ്പോർട്ടിങ് & ഫൈൻ റെമിറ്റൻസ് ആപ്പ്*'.

പ്രകാശനവേളയിൽ സൗത്ത്സോൺ എ.ഡി.ജി.പി. അനിൽകാന്ത്, തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാം, ഹെഡ്ക്വാർട്ടേഴ്സ് ഐ.ജി. ദിനേന്ദ്ര കശ്യപ്, ഇൻഫർമേഷൻ ആന്റ് കമ്യൂണിക്കേഷൻ ടെക്നോളജി എസ്.പി. ജെ.ജയനാഥ്, എ.എ.ഐ.ജി. ഹരിശങ്കർ, പോലീസ് ഇൻഫർമേഷൻ സെന്റർ ഡെപ്യൂട്ടി ഡയറക്ടർ പി.എസ്.രാജശേഖരൻ, സിസ്റ്റം അനലിസ്റ്റ് മാത്യു സൈമൺ എന്നിവർ പങ്കെടുത്തു.

***********

**ഫോട്ടോ ക്യാപ്ഷൻ:**

പോലീസ് ആസ്ഥാനത്ത് പുതിയ മൊബൈൽ ആപ്ലിക്കേഷനുകൾ പുറത്തിറക്കി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ സംസാരിക്കുന്നു.